കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

# ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

## 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1453/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 07.12.2017

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1453/17 തീയതി: 07.12.2017

## ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക

# വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.10 .2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ. ആർ. അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 16.11.2017 മുതൽ<br>24.11.2017 വരെ | ശ്രീമതി. വിജയലക്ഷ്മി. പി. കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. മായാദേവി. സി. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സുഷാ. റ്റി. പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. എൻ. സുധാമണി. | 01.04.2016 മുതൽ 31.3.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. പി.ജി.പ്രസന്നകുമാരി | 01.4.2016 മുതൽ 16.6.16 വരെ |
| 2 | ശ്രീമതി. സുജാത | 16.62016 മുതൽ 6.8.2016 വരെ |
| 3 | ശ്രീമതി. പി.ജി.പ്രസന്നകുമാരി | 8.8.2016 മുതൽ 30.11.2016 വരെ |
| 4 | ശ്രീ എസ്. ഹർഷൻ | 1.12.2016 മുതൽ 31.3.2017 വരെ |

3. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ശ്രീകല. കെ. ജി | 01.04.2016 മുതൽ 31.03.17 വരെ. |
| 2 | മെഡിക്കൽ ഓഫീസർ, സി എച്ച് സി | ഡോ. ചിത്ര സാബു | 01.04.2016 മുതൽ 31.03.17 വരെ. |
| 3 | സി.ഡി.പി.ഓ | ശ്രീമതി. പി. കെ. ലളിതമ്മ | 01.04.2016 മുതൽ 31.05.2016 വരെ. |
| | സി.ഡി.പി.ഓ (ഇൻ ചാർജ്ജ്) | ശ്രീമതി. ശ്രീലത. ആർ | 01.06.2016 മുതൽ 15.07.2016 വരെ |
| | സി.ഡി.പി.ഓ | ശ്രീമതി. സിസില. പി | 15.07.2016 മുതൽ 31.03.2017 വരെ |
| 4 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി. മേരി തോമസ് | 01.04.2016 മുതൽ 31.08.2016 വരെ. |
| | | ശ്രീമതി. ബിന്ദു. എസ് | 01.09.2016 മുതൽ 02.01.2017 വരെ |
| | | ശ്രീമതി. സാറാ. റ്റി. ജോൺ | 03.01.2017 മുതൽ 31.03.2017 വരെ |
| 5 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. എം. ബി. സുഭാഷ് | 01.04.2016 മുതൽ 25.07.2016 വരെ. |
| | | ശ്രീമതി. ബി. ആർ . അശ്വതി | 25.07.16 മുതൽ 12.08.2016 വരെ. |

| | | | |
|---|---|---|---|
| | | ശ്രീമതി. കെ. കെ. ഉഷാബായി | 12.08.2016 മുതൽ 31.03.2017 വരെ |
| 6 | പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. സജിനിമോൾ | 01.04.2016 മുതൽ 31.03.17 വരെ. |

<u>ഉള്ളടക്കം :</u>

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-5 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | സാംഖ്യ നടപ്പാക്കുന്നതിൽ സുതാര്യതയില്ല : അക്കൗണ്ടിംഗ് ചട്ടങ്ങൾ പാലിക്കുന്നില്ല |
| 3 | 2-2 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല |
| 4 | 2-3 | നിർമ്മൽ പുരസ്കാരം നിക്ഷേപമായി മാറി |
| ഭാഗം – 3 | | |
| 5 | 3-1 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണ പ്രവൃത്തി ഉപകരണം വാങ്ങലിൽ ഒതുങ്ങി |
| 6 | 3-2 | സമഗ്ര സൗരോർജ്ജ പ്ലാന്റ് -സമഗ്രമായില്ല |
| 7 | 3-3 | പട്ടിക ജാതി വിഭാഗം യുവ ജനങ്ങൾക്ക് മിലിട്ടറി റിക്രൂട്ടമെന്റ് പരിശീലനം - പദ്ധതി ധനം ചെലവ് ചെയ്യൽ മാത്രമായി കലാശിച്ചു. |
| 8 | 3-4 | പരിശീലത്തിനായി ചെലവഴിച്ച തുക തിരികെ ലഭിച്ചിട്ടില്ല, ചെലവ് തടസ്സപ്പെടുത്തുന്നു |
| 9 | 3-5 | പാടശേഖര സമിതിയ്ക്ക് പമ്പിംഗ് സബ്സിഡി അനുവദിച്ചത് - കോർഡിനേഷൻ കമ്മറ്റി അംഗീകരിച്ചതിനേക്കാൾ അധികം തുക ചെലവഴിച്ചു |
| 10 | 3-6 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല . |
| 11 | 3-7 | മരുന്നുകൾ യഥാസമയം ലഭിച്ചില്ല, തുക തടസ്സപ്പെടുത്തുന്നു |
| 12 | 3-8 | ഗ്രൂപ്പുകൾ മുഖേന ജൈവ പച്ചക്കറി കൃഷി സബ്സിഡി അനുവദിച്ചത് - രേഖകൾ അപൂർണ്ണം |
| 13 | 3-9 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല |
| 14 | 3-10 | ഒ.ഡി.എഫ് ബ്ലോക്ക് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ല |

| | | |
|---|---|---|
| 15 | 3-11 | സംയോജിത നീർത്തട ജെ എൽ ജികൾക്ക് സീഡ് മണി - ലക്ഷങ്ങൾ നിക്ഷേപം മാത്രമായി - പദ്ധതി ലക്ഷ്യം കണ്ടില്ല |
| 16 | 3-12 | പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ലക്ഷങ്ങൾ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയെങ്കിലും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെട്ടില്ല |
| 17 | 3-13 | ഐ.എ.വൈ പദ്ധതി |
| ഭാഗം – 4 | | |
| 18 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 19 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം & ഇംഗ്ലീഷ്) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 25.2.17ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 306371797/- | 306341797/- |
| വാർഷിക കണക്ക് പ്രകാരം | 72873859/- | 81391065/- |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 1 | 2 | 3 | 4 |
| വികസനഫണ്ട് (Gen) | 22631601 | 19121005 | 84 |
| വികസനഫണ്ട് (SCP) | 16979292 | 16100183 | 95 |
| വികസനഫണ്ട് (TSP) | 13446 | 13446 | 100 |
| സംരക്ഷണ ഗ്രാന്റ് (Non Road) | 3522696 | 2655880 | 75 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | |
|---|---|---|---|---|---|---|
| 71 | 43147085 | 50 | 37890514 | 19 | 2 | 71 |

## 1-5 ആഭ്യന്തരനിയന്ത്രണം

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിലെ വരവുകൾ സാംഖ്യ രസീത് പ്രകാരമല്ലാതെ മാനുവൽ രസീത് പ്രകാരമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.10.2017 | 2016-17 വരെ. | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.06.2016 | 1.05.2014 മുതൽ 31.5.2016 വരെ | 05.07.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ നടപ്പാക്കുന്നതിൽ സുതാര്യതയില്ല : അക്കൗണ്ടിംഗ് ചട്ടങ്ങൾ പാലിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ 2012-13 വർഷം മുതൽ സാംഖ്യ സോഫ്റ്റ് വെയർ അധിഷ്ഠിത അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ നടത്തിപ്പിൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കുന്നില്ല.

### 2.1.1 സാംഖ്യരസീത് നൽകുന്നില്ല

സാംഖ്യ സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാംഖ്യയിലൂടെ രസീതുകൾ നൽകേണ്ടതും ഡേ ബുക്ക്, ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവയുടെ പ്രിന്റൗട്ടുകൾ ദിനാന്ത്യത്തിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണെന്ന് സർക്കാർ ഉത്തരവ് (എം.എസ്.) നം.128/11 ത.സ്വ.ഭ.വ. തീയതി 06.07.2011, സർക്കാർ ഉത്തരവ്(എം.എസ്) നം. 45/2014 ത.സ്വ.ഭ.വ. തീയതി 19.02.2014 എന്നിവയിൽ അനുശാസിക്കുന്നു. കമ്പ്യൂട്ടർവൽകൃത രസീതുകൾ നൽകണമെന്നും അതിനായി സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണെന്നും കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011 അദ്ധ്യായം III 'വരുമാനത്തിന്റെ അക്കൗണ്ടിംഗ്'എന്ന ഭാഗത്ത് ഖണ്ഡിക 20 (ഡി)യിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി, ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് സ്വീകരിക്കുന്ന ക്യാഷ്, ഡി.ഡി, ചെക്ക് എന്നിവയ്ക്ക് മാനുവൽ രസീതാണ് നൽകിവരുന്നത്.

## 2-2 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ

### തിരികെ വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ 84325/- രൂപ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് തിരികെ വാങ്ങിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)നം. 429/15/ഫിൻ തീയതി 28.9.15 പ്രകാരം 500000/- മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% (കുറഞ്ഞത് 500/- രൂപ, പരമാവധി 2000/- രൂപ) എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. എന്നാൽ 2016-17 വർഷം 17 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ ആയി ഒടുക്കിയ 84325/- രൂപയുടെ വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീസ് ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ മുതൽക്കൂട്ടുന്നതിനും, വാറ്റ് ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കി വാണിജ്യ നികുതി വകുപ്പിൽ അടവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 നിർമ്മൽ പുരസ്കാരം നിക്ഷേപമായി മാറി

കോളനികളിൽ ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തികൾ നടപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ബ്ലോക്ക്പഞ്ചായത്തിന് 24.03.2010 ൽ സർക്കാർ അനുവദിച്ച നിർമ്മൽ പുരസ്കാരം 19 ലക്ഷം രൂപ പലിശയുൾപ്പെടെ 1986997/- രൂപ ഐ.ഒ.ബി.യുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം. 67118938390) ചെലവഴിക്കാതെ നിക്ഷേപമായി അവശേഷിക്കുന്നു. ടി തുക സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ചെലവഴിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണ പ്രവൃത്തി ഉപകരണം വാങ്ങലിൽ ഒതുങ്ങി

ഓഡിറ്റ് വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച മേൽ പദ്ധതി പ്രകാരം ചെങ്ങന്നൂർ താലൂക്കിലെ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും പ്ലാസ്റ്റിക്ക് പുനരുപയോഗ പ്പെടുത്തുന്നതിനുമായി ശുചിത്വമിഷന്റെ സഹായത്തോടെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിൻ കീഴിൽ വരുന്ന എട്ട് പഞ്ചായത്തുകളിൽ നിന്നും കുടുംബശ്രീകളുടെ സഹായത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സെന്ററിൽ കൊണ്ടുവന്ന് ശുദ്ധീകരിച്ച് സംസ്കരിച്ച് ബിറ്റുമിനിൽ ചേർക്കുന്നതിനുപയോഗിക്കുന്നതിനും മറ്റ് പ്ലാസ്റ്റിക്കുകൾ ഷീറ്റുകളാക്കി ക്ലീൻ കേരള കമ്പനി മുഖേന വിപണനം ചെയ്യുന്നതിനുമാണ് പദ്ധതി

ലക്ഷ്യമിട്ടിരുന്നത്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 55 ലക്ഷം രൂപ അടങ്കലിൽ അംഗീകാരം ലഭിച്ച മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം (പ്രോ. നം. 90/17) എന്ന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 2070000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ട്രഷറി ബിൽ ബുക്കിൽ ടി ചെലവ് ഉൾപ്പെട്ട് കാണാതിരുന്ന സാഹചര്യത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 12/23.11.17) ടി പ്രവർത്തിക്ക വേണ്ടി കണ്ടെത്തി നൽകിയ സ്ഥലം നിയമപരമായി ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി തുകയൊന്നും ചെലവഴിച്ചിട്ടില്ല എന്നറിയിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ 20.03.2017 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 28-ാം നമ്പർ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്. സെക്രട്ടറിയുടെ ട്രഷറി ബിൽ നം. 39/31.03.17 പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടിയാണ് ടി തുക ചെലവഴിച്ചിട്ടുള്ളതെന്ന് കണ്ടു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ.

| | | | |
|---|---|---|---|
| shredding Machine | 2nos. @295000 | : | 590000 |
| Blade griding machine | 2nos. @6000 | : | 120000 |
| Bailing Machine 7.5 HP | 2nos. @425000 | : | 850000 |
| Installation charge | 2nos. @ 15000 | : | 30000 |
| Tools @ weighing machinery | 2nos. @20000 | : | 40000 |
| Supervision Charges | | : | 50000 |
| Total | | : | 1680000 |
| AMC for two sets of Plastic processing machine | | | |
| Second Year | 10% of 1560000 | : | 156000 |
| Third year | 15% “ | : | 234000 |
| Total | | : | 390000 |
| ആകെ( 1680000+390000) | 2070000 | | |

ടി ചെലവുമായി ബന്ധപ്പെട്ട ഫയൽ (നം. 130/16) പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ). നിലവിൽ ടി പദ്ധതിയുടെ ആവശ്യത്തിലേക്ക് പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളുടെ കൈവശമോ ഉടമസ്ഥതയിലോ സ്ഥലമോ കെട്ടിടമോ ഇല്ല.

ബി).ചെറിയനാട് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് റവന്യൂ വകപ്പിന്റെ അധീനതയിലുള്ള ലിക്വിഡേഷൻ നടപടി തുടർന്നു വരുന്ന സ്ഥലം ആവശ്യപ്പെട്ട് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത നടപടിക്രമങ്ങൾ ഒന്നും തന്നെ നാളിതുവരെയും പൂർത്തികരിക്കുകയോ സ്ഥലം ലഭ്യമാകുകയോ ചെയ്തിട്ടില്ല.

സി). 2016-17 സാമ്പത്തിക വർഷം സ്ഥലം ലഭിച്ച് കെട്ടിടനിർമ്മാണം ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഫണ്ട് നഷ്ടപ്പെടുത്താതെ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും വാങ്ങൽ മാത്രമായതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിർവ്വഹണച്ചുമതലയിൽ നിന്നും ഒഴിവാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി പ്രോജക്ടിന് ഭേദഗതി വരുത്തുന്നതിനും തീരുമാനിച്ച് ജില്ലാ പ്ലാനിംഗ് ബോർഡിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് (നം. 1/27.3.17). എന്നാൽ ജില്ലാ പ്ലാനിംഗ് ബോർഡിൽ നിന്നും ഭേദഗതി നാളിതുവരെയും ലഭിച്ചിട്ടില്ല.

ഡി). വാങ്ങിയ ഉപകരണങ്ങൾ ഓഡിറ്റ് കാലയളവിലും സ്ഥാപിക്കാതെ കൊയ്ത്തുമെതിയന്ത്രം സൂക്ഷിക്കുന്ന ഷെഡ്ഡിൽ വച്ചിരിക്കുന്നു.

ഇ). ഈ സാഹചര്യത്തിലാണ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചാർജ്ജിനത്തിലും, സ്ഥാപിക്കുന്നതിന്റെ മേൽനോട്ടത്തിനുമായി 80000/- രൂപ ക്ലീൻ കേരള കമ്പനിക്ക് മുൻകൂർ നൽകിയിട്ടുള്ളത്. ആയതിനാൽ ടി തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

എഫ്). എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം ഉപകരണങ്ങൾ വാങ്ങി 90 ദിവസത്തിനകം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ചെയ്ത് നൽകേണ്ടതാണ്. ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ സ്ഥാപി ച്ചതിന് ശേഷം ഗ്യാരണ്ടിയുടെ കാലാവധി കഴിഞ്ഞ് രണ്ടാമത്തേയും മൂന്നാമത്തേയും വർഷങ്ങളിലേക്ക് വാർഷിക അറ്റകുറ്റപ്പണിക്കുള്ള കോൺട്രാക്ട് തുക നൽകിയാൽ മതിയെന്നിരിക്കെയാണ് പ്ലാൻ ഫണ്ടിൽ നിന്നും ഇതിനായി യഥാക്രമം 156000/-, 234000/- (ആകെ - 390000) അടവാക്കിയിട്ടുള്ളത്. സ്ഥാപിക്കാത്ത ഉപകരണത്തിന് എ.എം.സി.ഇനത്തിൽ ചെലവഴിച്ച തുക 3,90,000/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിച്ച് വൈദ്യുതി കണക്ഷനും അനുബന്ധ സൌകര്യങ്ങളും ഒരുക്കിയതിന് ശേഷം മാത്രം യന്ത്രങ്ങൾ വാങ്ങിയാൽ മതിയെന്നിരിക്കെ, സ്ഥലവും കെട്ടിടവുമില്ലാതെ വിലയേറിയ ഉപകരണങ്ങൾ വാങ്ങിയത് നിക്ഷിപ്ത താൽപ്പര്യങ്ങളോടെയാണ് എന്നാണ് വ്യക്തമാകുന്നത്. ആയതിനാൽ നിരാകരിക്കപ്പെട്ട 470000/- രൂപ ഒഴികെ ബാക്കിയായ 16,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി ഉപകരണങ്ങൾക്കായി ചെലവ് ചെയ്ത പദ്ധതിപ്പണം പാഴാകാതിരിക്കാനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 സമഗ്ര സൗരോർജ്ജ പ്ലാന്റ് -സമഗ്രമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ടിന്റെ പേര് : സമഗ്ര സൗരോർജ്ജ പ്ലാന്റ് നിർമ്മിക്കുക

പ്രോജക്ട് നം. : S0084/17

സമഗ്ര സൗരോർജ്ജ പ്ലാന്റ് നിർമ്മിക്കുക എന്ന പ്രോജക്ടിന്റെ ഭാഗമായി 1018900 രൂപ (ബിൽ നം. 31/10.3.17 - 509450/- രൂപ, ബിൽ നം. 37/31.3.17) ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. കെൽട്രോണിന്റെ അരൂർ ഓഫീസിൽ നിന്നാണ് പ്ലാന്റ്

വാങ്ങിയിട്ടുള്ളത്. സൗരോർജ്ജ പ്ലാന്റിനെ കെ.എസ്.ഇ.ബി. യുടെ പവർഗ്രിഡുമായി ബന്ധിപ്പിച്ച് പ്ലാന്റ് വഴി ഉദ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.യ്ക്ക് നൽകുന്നതിനും ഇപ്രകാരം നൽകുന്ന വൈദ്യുതിയുടെ വില ബ്ലോക്ക് പഞ്ചായത്തിലെ വൈദ്യുത ചാർജ്ജുമായി ക്രമീകരിക്കുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. 6.9.2017 തീയതിയിൽ ബ്ലോക്ക് പഞ്ചായത്തുമായി ചമച്ച കരാറിൽ ബ്ലോക്ക് പഞ്ചായത്തിൽ ഉത്പാദിപ്പിച്ച എനർജിയ്ക്ക് ആനുപാതികമായുള്ള തുക കെ.എസ്.ഇ.ബി. നൽകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എസ്.ഇ.ബി ഒരു യൂണിറ്റ് വൈദ്യുതിയുടെ വില കരാറിൽ നിശ്ചയിച്ചിട്ടില്ല.
2. ബ്ലോക്ക് പഞ്ചായത്തിനോടനുബന്ധിച്ചുള്ള എല്ലാ സ്ഥാപനങ്ങളും കെട്ടിടങ്ങളും പദ്ധതിയുടെ കീഴിൽ കൊണ്ടു വന്നിട്ടില്ല.
3. ബ്ലോക്ക് പഞ്ചാത്ത് ഓഫീസ് കോമ്പൗണ്ടിൽ നിലവിൽ 101, 103, 19610 എന്നിങ്ങനെ 3 കൺസ്യൂമർ നമ്പരുകളാണുള്ളത്. എന്നാൽ 101, 103 ത്രീ ഫേസ് അല്ലാ എന്ന കാരണത്താൽ കൺസ്യൂമർ നമ്പർ 19610 ഉള്ള കെട്ടിടത്തെ മാത്രമാണ് സോളാർ പ്ലാന്റുമായി ബന്ധിപ്പിട്ടുള്ളത്. ഇക്കാരണത്താൽ പ്രസ്തുത കെട്ടിടത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയടെ ബിൽ പ്രകാരമുള്ള തുക മാത്രമേ ക്രമീകരിക്കാൻ സാധിക്കുകയുള്ളൂ. ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ കൺസ്യൂമർ നമ്പരുകളെയും ത്രീ ഫേസ് ആക്കാതെ പ്ലാന്റ് സ്ഥാപിച്ചതിനാലാണ് ഇപ്രകാരം അപാകം സംഭവിച്ചത്.
4. സോളാർപ്ലാന്റിൽ നിന്ന് ഒരു മാസം ശരാശരി ഉദ്പാദിപ്പിക്കുന്ന വൈദ്യുതിയുടെയോ ഉപയോഗിക്കുന്ന വൈദ്യുതിയുടെയോ അളവ് സംബന്ധിച്ച കണക്കുകൾ സൂക്ഷിച്ചിട്ടില്ല.
5. നാളിതുവരെ സോളാർ പ്ലാന്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിച്ചതിന്റെയും കെ.എസ്.ഇ.ബി.യ്ക്ക് നൽകിയ വൈദ്യുതിയുടെയും കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) ഹാജരാക്കിയ മറുപടിയിൽ കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മറ്റി നാളിതുവരെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിച്ചിട്ടില്ലായെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും പദ്ധതിയുടെ പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി നടപ്പാക്കിയത് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും ശരാശരി വാർഷിക വൈദ്യുതി ചാർജ്ജ് 20000/- യൂണിറ്റിന്റേതാണെന്നും പ്ലാന്റിൽ നിന്നും ഉദ്പാദിപ്പിക്കുന്ന വൈദ്യുതി 700 KWH ആണെന്നും ഇത് സംബന്ധിച്ച ബിൽ ലഭിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ കണക്ക് നൽകാൻ സാധിച്ചിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചിരുന്നു. 24.11.2017 തീയതി വരെ സോളാർ പ്ലാന്റിൽ നിന്നും 1416 KWH വൈദ്യുതി ഉദ്പാദിപ്പിച്ചതായും 241 KWH വൈദ്യുതി ഉപയോഗിച്ചതായും മിച്ചം ലഭിച്ച 1175 KWH വൈദ്യുതി കെ.എസ്.ഇ.ബി.യ്ക്ക് നൽകിയതായും മറുപടി പ്രകാരം അറിയിച്ചിരുന്നു.

നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളെയും പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടില്ല. വൈദ്യുതിയുടെ ഉദ്പാദനം, ഉപഭോഗം എന്നിവ സംബന്ധിച്ച കണക്കുകൾ കെ.എസ്.ഇ.ബി.യോ ബ്ലോക്ക് പഞ്ചായത്തോ സൂക്ഷിച്ചിട്ടുമില്ല. ഇക്കാരണങ്ങളാൽ സെക്രട്ടറിയുടെ മറുപടി തൃപ്തികരമല്ല. ഇക്കാരണത്താൽ 1018900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സൗരോർജ്ജ പ്ലാന്റിന്റെ പ്രവർത്തനം സമഗ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പട്ടിക ജാതി വിഭാഗം യുവ ജനങ്ങൾക്ക് മിലിട്ടറി റിക്രൂട്ടമെന്റ് പരിശീലനം - പദ്ധതിധനം ചെലവ് ചെയ്യൽ മാത്രമായി കലാശിച്ചു.

പ്രോജക്റ്റ് നം. - 77/17

അടങ്കൽ - 840000

ചെലവ് - 840000

ബിൽ നം. - 2/16-17/18.10.2016

ഡി.ഡി നം . - 605920/25.10.2016

എസ്.സി.ഡി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി 2015-16 ൽ ബഹുവർഷ പ്രോജക്ടായി ആരംഭിച്ചതാണ് കോഴിക്കോട് PRTC എന്ന സ്ഥാപനം മുഖേന പട്ടിക ജാതി വിഭാഗം യുവ ജനങ്ങൾക്ക് മിലിട്ടറി റിക്രൂട്ടമെന്റ് പരിശീലനം എന്ന പദ്ധതി . 70 പേർക്ക് രണ്ടുമാസത്തെ പരിശീലനം നല്കുന്നതിലേക്ക് ഗുണഭോക്താവൊന്നിന് 24000/- രൂപ നിരക്കിൽ 16,80,000/- രൂപയായിരുന്നു അടങ്കൽ.

2015-16 ൽ പദ്ധതിയുടെ ആദ്യഗഡുവായി 70 പേർക്ക് 12000/- രൂപ നിരക്കിൽ 840000/- രൂപ പരിശീലന സ്ഥാപനത്തിന് നല്കി. 2016-17ൽ ബാക്കി തുകയായ 840000/- രൂപ നല്കുക എന്നതു മാത്രമായിരുന്നു പദ്ധതി ലക്ഷ്യം. എന്നാൽ പ്രോജക്ട് ഫയലിൽ സ്ഥാപനവുമായി ഏർപ്പെട്ട കരാർ, പരിശീലന പദ്ധതിയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ ഹാജർ, പരിശീലനം എന്ന് ആരംഭിച്ചുവെന്നും അവസാനിച്ചുവെന്നുമുള്ള വിവരം, പരിശീലനം പൂർത്തീകരിച്ചതിന്റെ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

70 പരിശീലനാർത്ഥികളും ക്യാമ്പിൽ പങ്കെടുത്തോ എന്നുള്ളതും അപേക്ഷയുടെ മൂന്നാം ഭാഗത്തിൽ ചേർത്തിട്ടുള്ള പ്രകാരം പരിശീലന ശേഷം ഏതെങ്കിലും റിക്രൂട്ട്മെന്റ് റാലിയിൽ പങ്കെടുത്തോ എന്നുള്ളതും അന്വേഷണ വിധേയമാക്കിയിട്ടില്ല .

അപേക്ഷയിൽ നിന്നും ലഭിച്ച ഫോൺ നമ്പർ മുഖേന ഗുണഭോക്താക്കളെ വിളിച്ചന്വേഷിച്ചതിൽ വിദ്യാർത്ഥികളായ ഗുണഭോക്താക്കൾക്ക് മുഴുവൻ സമയവും പരിശീലന ക്യാമ്പിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും പാളിച്ചയാണ്. ഗുണഭോക്താക്കളുടെ ഹാജരിന് അനുസൃതമായി ചെലവു തുകയും ക്രമീകരിച്ചിട്ടില്ല. ഈ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയും എസ്.സി.ഡി.ഒ. വിലയിരുത്തിയിട്ടില്ല. മേൽ കാരണങ്ങളാൽ മേഖലാ വിഭജനം പ്രകാരമുള്ള ചെലവഴിക്കൽ മാത്രമായി പദ്ധതി മാറി .

ഓഡിറ്റ് അന്വേഷണം നം. 6/20.11.2017 മുഖേന പദ്ധതിയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ തൻവർഷത്തെ ചെലവ് തുകയായ 840000/- രൂപ തടസ്സപ്പെടുത്തുന്നു. മേഖലാ വിഭജന പ്രകാരം ലക്ഷങ്ങൾ അടങ്കലായുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് ആ പദ്ധതിയിലൂടെ ലഭിക്കാവുന്ന പ്രയോജനങ്ങളും വിലയിരുത്തപ്പെടേണ്ടതാണ്. പദ്ധതി നടത്തിപ്പിന്മേൽ സമഗ്രമായ അന്വേഷണവും തുടർ നടപടികളും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-4 പരിശീലത്തിനായി ചെലവഴിച്ച തുക തിരികെ ലഭിച്ചിട്ടില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നം. 82/16-17 - 42000/-രൂപ, ചെക്ക് നം. – 4391925

17.02.2017

കിലയുടെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ വച്ച് 2017 ഫെബ്രുവരി 6, 7, 8 തീയതികളിൽ നടന്ന ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കായി നടന്ന പരിശീലന പരിപാടിയുടെ ചെലവ് തൽക്കാലം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുവാനും കിലയിൽ നിന്നും തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് ജനറൽ പർപ്പസ് ഫണ്ടിൽ റീക്കൂപ്പ്

ചെയ്യുവാനും സെക്രട്ടറിയുടെ ഇ-500/2017/ 17.02.2017 നമ്പർ നടപടിക്രമ പ്രകാരം തീരുമാനിച്ചു.

തുക തിരികെ ലഭിച്ചതിന്റെയും റീക്കുപ്പ് ചെയ്തതിന്റെയും വിവരം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 11/23.11.2017 ന് ഉള്ള മറുപടിയിൽ തുക തിരികെ ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് നല്കിയത്. ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള 42000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പാടശേഖര സമിതിയ്ക്ക് പമ്പിംഗ് സബ്സിഡി അനുവദിച്ചത് - കോർഡിനേഷൻ കമ്മറ്റി അംഗീകരിച്ചതിനേക്കാൾ അധികം തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ടിന്റെ പേര് : പാടശേഖരങ്ങൾക്ക് പമ്പിംഗ് സബ്സിഡി

പ്രോജക്ട് നം. : 94/17

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 8 പഞ്ചായത്തുകളുള്ളതിൽ 6 പഞ്ചായത്തുകളിലെ പാടശേഖര സമിതികളിലെ കർഷകർക്ക് വരൾച്ച കെടുതിയ്ക്കുള്ള ധനസഹായം അനുവദിക്കുന്നതിനായി നടപ്പാക്കിയപ്രോജക്ട് പ്രകാരം 549000/- ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗ രേഖയിൽ ഉൾപ്പെടാത്ത ഇനമായതിനാൽ കോർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരം വാങ്ങിയാണ് പദ്ധതി നടപ്പാക്കിയിരുന്നത്. പ്രസ്തുത കമ്മറ്റിയുടെ തീരുമാന പ്രകാരം 331.4 ഹെക്ടർ കൃഷി ചെയ്യുന്നതിന് 1 ഹെക്ടറിന് 1500/- രൂപാ നിരക്കിൽ 497100/- രൂപ ചെലവഴിക്കുന്നതിനാണ് അനുവാദം നൽകിയിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി 549000/- രൂപ (ബിൽ നം.11/30.3.17) കർഷകർക്കായി ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാനത്തിലും അധികരിച്ച് ചെലവഴിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/23.11.17) നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ കെടുതി സംഭവിച്ച ഭൂമിയുടെ ഏകദേശ വിസ്തീർണ്ണത്തിന്റെ കണക്കെടുത്താണ് 331.4 ഹെക്ടർ കൃഷി ഭൂമിയ്ക്കുള്ള ധനസഹായത്തിന് കോർഡിനേഷൻ കമ്മറ്റിയുടെ അനുവാദം വാങ്ങിയത്. എന്നാൽ പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി ലഭിച്ചു എന്നറിഞ്ഞപ്പോൾ മറ്റ് 2 പഞ്ചായത്തുകൾ കൂടി തുക ആവശ്യപ്പെട്ടതിനാലാണ് കോർഡിനേഷൻ കമ്മറ്റി അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കോർഡിനേഷൻ കമ്മറ്റിയ്ക്ക് കൃത്യമായ ഏരിയ കണക്കാക്കി നൽകാതിരുന്നതിനാലാണ് ഇപ്രകാരം പിഴവുണ്ടായത്. ഇക്കാരണത്താൽ കോർഡിനേഷൻ കമ്മറ്റിത്തീരുമാനത്തേക്കാൾ അധികം ചെലവഴിച്ച 51900/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല .

പ്രോജക്ട് നം. - 62/17

അടങ്കൽ - 700000

ചെലവ് - 700000

ബിൽ നം. - 3/16-17/10.03.2017

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണത്തിന് ബ്ലോക്ക് വിഹിതമായി ബുധനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് അക്കൗണ്ട് ട്രാൻസ്ഫറായി 700000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെ വിവരമോ ,തുകയുടെ വിനിയോഗ സാക്ഷ്യ പത്രമോ ഓഡിറ്റ്

അന്വേഷണം നം. 6/20.11.2017 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല .

വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ചെലവു തുകയായ 700000/- രൂപ തടസ്സപ്പെടുത്തുന്നു .

## 3-7 മരുന്നുകൾ യഥാസമയം ലഭിച്ചില്ല, തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (സി.എസ്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 ൽ നടപ്പാക്കിയ പദ്ധതികളാണ് ജനറൽ, എസ്.സി വിഭാഗങ്ങളിലായുള്ള വയോജനങ്ങൾക്കുള്ള ആരോഗ്യ പരിപാലനം എന്നത്. ഈ പദ്ധതിയുടെ ഭാഗമായ മരുന്നു വാങ്ങലിനായി കെ.എം.സി.എൽ.ന് പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് ട്രാൻസ്ഫറായി തുക കൈമാറിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു .

1. പ്രോജക്ട് നം./ പേര് - 21/17- വയോജനങ്ങൾക്കുള്ള ആരോഗ്യ പരിപാലനം (ജനറൽ)

   അടങ്കൽ - 450000

   ചെലവ് - 450000

   ബിൽ നം. - 8/16-17/22.03.2017-333650/- രൂപ

   9/16-17/29.03.2017-116350/- രൂപ

   മരുന്ന് വാങ്ങലിനായി ബിൽ നം . 8/16-17/22.03.2017 പ്രകാരം 333650/- രൂപ പിൻവലിച്ചതിൽ 326500/- രൂപ കെ.എം.സി.എൽ ന് നല്കിയിട്ടുണ്ട് . എന്നാൽ മരുന്നു ലഭിച്ചിട്ടില്ല .

2. പ്രോജക്ട് നം /പേര് - 24/17 - വയോജനങ്ങൾക്കുള്ള ആരോഗ്യ പരിപാലനം (എസ് .സി)

   അടങ്കൽ - 451500

   ചെലവ് - 451500

   ബിൽ നം. - 6 /16-17, 22.03.17/ 330350/- രൂപ

   11/16-17, 28.03.17/ 121150/- രൂപ

   മരുന്ന് വാങ്ങലിനായി ബിൽ നം. 6/16-17/22.03.17 പ്രകാരം 330350/- രൂപ പിൻവലിച്ചതിൽ 333000/- രൂപ കെ.എം.സി.എൽ ന് നല്കിയിട്ടുണ്ട്. എന്നാൽ മരുന്നു ലഭിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 7/21.11.2017 പ്രകാരം മരുന്നിന്റെ ലഭ്യത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി നല്കിയില്ല. മരുന്നുകൾ സമയബന്ധിതമായി ലഭിച്ചിട്ടില്ലാത്തതിനാൽ രണ്ടു പദ്ധതികളിലുമായി ചെലവഴിച്ച 659500/- രൂപ തടസ്സപ്പെടുത്തുന്നു .

## 3-8 ഗ്രൂപ്പുകൾ മുഖേന ജൈവ പച്ചക്കറി കൃഷി സബ്സിഡി അനുവദിച്ചത് - രേഖകൾ അപൂർണ്ണം

ഗ്രൂപ്പുകൾ മുഖേന ജൈവ പച്ചക്കറി കൃഷി (പ്രോജക്ട് നം. 34/17) ചെയ്യുന്നതിനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് മുഖേന ചെലവഴിച്ചിരുന്നു. സബ്സിഡി തുക ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള തിരുവൻവണ്ടൂർ, ചെറിയനാട്, പാണ്ടനാട്, പുലിയൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ കുടുംബശ്രീ, ജെ.എൽ.ജി. ഗ്രൂപ്പുകൾക്കായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേനയാണ് വിതരണം ചെയ്തിരുന്നത്. വിത്ത്, ജൈവവളം എന്നിവയുടെ വില, കൂലിച്ചെലവ് എന്നീ ഇനങ്ങൾക്കാണ് തുക ചെലവഴിച്ചിരുന്നത്. 150000/- രൂപ ചെലവഴിച്ച് പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജൈവവളമായി വാങ്ങിയിട്ടുള്ള ചാണകത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടില്ല. അതിനാൽ ഓരോ പഞ്ചായത്തും വ്യത്യസ്ത നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.
2. കൃഷി ഫലപ്രദമായി ചെയ്തു എന്നത് സംബന്ധിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടർ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ അപാകങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/23.11.2017) നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ ചാണകത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടില്ലായെന്നും ചുമട്ടുകൂലി, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നിവയിലുള്ള വ്യത്യാസം മൂലമാണ് ഓരോ പഞ്ചായത്തിലും വ്യത്യസ്ത നിരക്ക് നൽകിയത് എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം ജൈവവള കംപോസ്റ്റുകൾക്ക് ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന് ശേഷം മാത്രമേ സബ്സിഡി നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാതയും പദ്ധതിയിന്മേൽ മോണിറ്ററിംഗ് നടത്താതെയും ചെലവഴിച്ച 150000/- രൂപ (ബിൽ നം. 10/27.3.17) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം പ്രോജക്ടിന്റെ (S0025/17) ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 609175/- രൂപ (ബിൽ നം.1/ 31.12.16- 548575/- രൂപ, ബിൽ നം. 2/31.1.17- 60600/- രൂപ) ബ്ലോക്ക് പഞ്ചായത്തിനറെ കീഴിലുള്ള 8 ഗ്രാമ പഞ്ചായത്തുകൾക്കായി നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചത് സംബന്ധിച്ചുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ 609175/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഒ.ഡി.എഫ് ബ്ലോക്ക് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ല

ഒ.ഡി.എഫ് (SCP) പ്രോജക്ട് (പ്രോജക്ട് നം. S007/17) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിന്റെ ഭാഗമായി തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലേക്ക് 212400/- രൂപ (ബിൽ നം.13/30.11.16) കൈമാറിയിരുന്നു. ഈ തുകയിൽ 165200/- രൂപ മാത്രം ഗ്രാമപഞ്ചായത്ത് ചെലവഴിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നത്. വിനിയോഗ വിവരം ലഭ്യമാക്കാത്ത 47200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സംയോജിത നീർത്തട ജെ.എൽ.ജി.കൾക്ക് സീഡ് മണി - ലക്ഷങ്ങൾ നിക്ഷേപം മാത്രമായി - പദ്ധതി ലക്ഷ്യം കണ്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ടിന്റെ പേര് : സംയോജിത നീർത്തട ജെ.എൽ.ജി.കൾക്ക് സീഡ് മണി

പ്രോജക്ട്നം. : S0085/17

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഐ. ഡബ്ലിയു. എം.പി. (Integrated Watershed Management Program) പ്രോജക്ടിൽ രജിസ്റ്റർ ചെയതിട്ടുള്ള ജെ.എൽ.ജി.കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന്റെ ഭാഗമായി 2725000/- രൂപ (ബിൽ നം. 36/31.03.2017) വികസന ഫണ്ടിനത്തിൽ വകയിരുത്തി ചെലവഴിച്ചിരുന്നു. ഉദ്പാദന മേഖലയായ കൃഷി,ക്ഷീര വികസനം എന്നിവ മുഖേന ഗ്രൂപ്പുകൾക്ക് വരുമാനം വർദ്ധിപ്പിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ

ലക്ഷ്യം. 109 ജെ.എൽ.ജി.കൾക്ക് (25000/- രൂപ വീതം) അതാത് ഗ്രൂപ്പ് സെക്രട്ടറിമാരുടെയും ചെയർമാൻമാരുടെയും സംയുക്തമായുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് ധനസഹായം നൽകിയിത്. ജെ.എൽ.ജി.കളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ (ബാങ്ക് പാസ് ബുക്ക്, മിനിട്ട്സ് ബുക്ക്, ലോൺ സംബന്ധിച്ച വിവരങ്ങൾ) എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/20.11.2017) മറുപടി ലഭിച്ചില്ല. എന്നാൽ അമ്പാലിക ജെ.എൽ.ജി. എന്ന ഗ്രൂപ്പിന്റെ സെക്രട്ടറി നേരിട്ട് ഹാജരായതിൽ സീഡ് മണിയായി ലഭിച്ച തുക കൃഷിയ്ക്കായി ഉപയോഗിച്ചിട്ടില്ലായെന്നും ടി തുക വിനിയോഗിച്ച് തുണി വില്പന മാത്രമാണ് നടത്തിയിട്ടുള്ളത് എന്നും അറിയിച്ചു. പദ്ധതി മാർഗ്ഗ രേഖകൾ പ്രകാരം വികസന ഫണ്ട് ഉപയോഗിച്ച് ഇപ്രകാരം പ്രോജക്ട് നടത്താൻ പാടുള്ളതല്ല. അതിനാൽ കോർഡിനേഷൻ കമ്മറ്റിയുടെ 13.9.2017 ലെ തീരുമാന പ്രകാരം വായ്പാ ബന്ധിത പ്രോജക്ടായി നടപ്പാക്കുന്നതിന് അനുമതി നൽകുകയായിരുന്നു. ഇപ്രകാരം ഭരണസമിതിയുടെ പ്രത്യേക താല്പര്യത്തോടെ നടപ്പാക്കിയിരുന്ന പ്രോജക്ടായിരുന്നെങ്കിലും അതിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്തിരുന്നില്ല എന്ന് വ്യക്തമാകുന്നു. കാർഷിക മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്തുന്നതിനും വരുമാന ദായകമാക്കുന്നതിനും വേണ്ടി നടപ്പാക്കിയ പദ്ധതി അധികൃതരുടെയും ജെ.എൽ.ജി.കളുടെയും അനാസ്ഥ മൂലം അതിന്റെ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി കാർഷിക മേഖല സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 പ്രിമെട്രിക് ഹോസ്റ്റലിലേക്ക് ലക്ഷങ്ങൾ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയെങ്കിലും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പ്രിമെട്രിക് ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ട് പ്രകാരം സെക്രട്ടറി മുഖേന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഹോസ്റ്റലിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രിമെട്രിക് ഹോസ്റ്റലിലെ കുടിവെള്ള സംവിധാനം നിലവിൽ പരിതാപകരമാണ്. 164233/- രൂപ ചെലവഴിച്ച് സ്ഥാപിച്ച വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പൂർണ്ണമായി പ്രവർത്തിക്കാത്തതുമൂലം ടാങ്കിലെ വെള്ളത്തിന്റെ ശുദ്ധീകരണം കൃത്യമായി നടക്കുന്നില്ല. ഹോസ്റ്റലിന്റെ ഉടമസ്ഥതയിലുള്ള കിണറിലെ വെള്ളം ഉപയോഗിക്കാൻ സാധിക്കാത്ത വിധം മലിനവുമാണ്. അടിയന്തിര സാഹചര്യങ്ങളിൽ ഈ കിണറിൽ നിന്നുള്ള വെള്ളം ടാപ്പിൽ നിന്നും സ്പോഞ്ച് കൊണ്ട് അരിച്ച് ഉപയോഗിക്കുന്നതായാണ് കണ്ടത്. (പൊതു ടാപ്പിൽ നിന്നുള്ള വെള്ളം മുൻവർഷങ്ങളിൽ ലഭ്യമായിരുന്നെങ്കിലും ബ്ലോക്ക് പഞ്ചായത്ത് വെള്ളക്കരം കൃത്യമായി അടയ്ക്കാതിരുന്നതിനാൽ നിലവിൽ പൊതു ടാപ്പിൽ നിന്നുള്ള വെള്ളം ഹോസ്റ്റലിലെ ആവശ്യങ്ങൾക്ക് ലഭിക്കുന്നില്ല).
2. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വാങ്ങി നൽകിയ ടെലിവിഷൻ നിലവിൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല.
3. 1500 VA ഇൻവെർട്ടർ സിസ്റ്റം വാങ്ങിയിട്ടുണ്ടെങ്കിലും പട്ടികജാതി വകുപ്പിൽ നിന്നുള്ള സോളാർ സിസ്റ്റം ഇൻസ്റ്റാൾ ചെയ്ത വേളയിൽ ഇൻവെർട്ടർ പ്രവർത്തന രഹിതമാക്കിയിരുന്നു. സോളാർ സിസ്റ്റവും നിലവിൽ പ്രവർത്തന ക്ഷമമല്ല. ഇക്കാരണത്താൽ കെ എസ് ഇ ബിയിൽ നിന്നുള്ള വൈദ്യുതി ഇല്ലാതാകുമ്പോൾ ഹോസ്റ്റലിൽ വൈദ്യുതി ലഭിക്കാത്ത അവസ്ഥയാണുള്ളത്.
4. കുട്ടികളുടെ പഠനാവശ്യത്തിനായി 30 സ്റ്റീൽ ജെഫേഴ്സൺ ചെയർ വിത്ത് ട്രേ വാങ്ങിയിട്ടുണ്ട്. എന്നാൽ ടി കസേരകൾ കുട്ടികളുടെ സുഗമമായ പഠനത്തിന് ഉതകുന്നവയല്ല എന്ന് കാണുന്നു.
5. ഗ്യാസ് കണക്ഷൻ വിഛേദിച്ചിട്ടുള്ളതിനാൽ വിറകുപയോഗിച്ചാണ് കുട്ടികൾക്കാവശ്യമായ ഭക്ഷണം പാകം ചെയ്യുന്നത്.

ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വാങ്ങിയ ഉപകരണങ്ങൾ മുഴുവൻ പ്രവർത്തിപ്പിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ഐ.എ.വൈ പദ്ധതി

ബ്ലോക്ക് ഐ.എ.വൈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ക്യാഷ് ബുക്കിലെ വിവരങ്ങൾ പൂർണ്ണമല്ല- ഐ എ വൈ പദ്ധതി നടത്തിപ്പിനായി ലഭിച്ച ഗ്രാമ പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ കാഷ് ബുക്കിൽ പ്രത്യേകം എഴുതി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഓരോ വിഹിതത്തിന്റെയും മുന്നിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. ഐ.എ.വൈ. പദ്ധതിക്കായി ലഭിച്ച ഗ്രാമ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ പൂർണ്ണമായി ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു.

| മുന്നിരിപ്പ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ഗ്രാമ പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | റീ ഫണ്ട് ചെയ്ത തുക | തിരികെ വന്ന തുക | അൺ സോഴ്സ് | ആകെ | ചെല വഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| 74359027 | 10450000 | | 3136000 | 132950 | 1080375 | 3650049 | 100603693 | 35598053 | 65005640 |

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം നിശ്ചയിക്കാതെ പദ്ധതി ചെലവിന്റെ ശതമാനം വർദ്ധിപ്പിക്കുന്നതിനായി മാത്രം തുക വക വകയിരുത്തിയതിലാണ് ഇപ്രകാരം കോടിക്കണക്കിന് രൂപ ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിക്ഷേപമായി തുടരാൻ കാരണമായത്. അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി തുക ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) രസീത് &പേയ്മെന്റ് അക്കൌണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവ് - ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 88524154 |

| | |
|---|---|
| വരവ് | 72873859 |
| ആകെ | 161398013 |
| ചെലവ് | 81391065 |
| നീക്കിയിരുപ്പ് | 80006948 |

*<u>രസീത് &പേയ്മെന്റ് അക്കൌണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.</u>*

1. SIGN SHG, Nirmal Puraskar എന്നീ അക്കൗണ്ടുകൾ വർഷങ്ങളായി നിഷ്ക്രിയമാണ്. ഇവയിൽ അവശേഷിക്കുന്ന തുക വിനിയോഗിക്കാതിരിക്കുവാനുള്ള കാരണം വിശദീകരിച്ചിട്ടില്ല.
2. IAY ADMIN Purpose എന്ന അക്കൗണ്ടിലെ നീക്കിയിരിപ്പ് രജിസ്റ്റർ പ്രകാരവും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരവും 14322/- രൂപയാണ് . എന്നാൽ RP40(b) പ്രകാരം ഇത് 26108/- രൂപയാണ്.
3. RP-36 Other Liabilities code 350800199 Other Creditors എന്ന ഹെഡിൽ 10615292/- രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഈ തുകയ്ക്ക് വ്യക്തമായ വിശദീകരണം ലഭിച്ചിട്ടില്ല .
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ, ഐ.ഡബ്ല്യൂ. എം.പി, പൈക എന്നിവ വാർഷിക കണക്കിലുൾപ്പെടുത്തിയിട്ടില്ല.
5. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനങ്ങളിലെ വരവുകളുടെ കൃത്യത ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല.
6. ബജറ്റും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല. ബജറ്റ് പ്രകാരമുള്ള വരവ് 267672257/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് 161398013/- രൂപയാണ് (മുന്നിരിപ്പ് ഉൾപ്പടെ) .
7. രസീത് നം. 10/1339/18.02.2017 പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 3150/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) <u>ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</u>

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റേയും വ്യയത്തിന്റേയും സംക്ഷിപ്തം താഴെ പ്രറയുന്നു.

| | |
|---|---|
| ആദായം | 82096291 |
| (-)വ്യയം | 54768784 |
| (-) പ്രയർ പീരിയഡ് ഐറ്റം | 32659 |
| സർപ്ലസ് | 27294848 |

സി) <u>ബാലൻസ് ഷീറ്റ്</u>

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെ പ്രറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 96829614 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 69979980 |
| പഞ്ചായത്ത് ഫണ്ട് | 26849634 |

*<u>ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനത താഴെപ്പ്രറയുന്നു .</u>*

ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് 2016-17ൽ അപ് ഡേറ്റ് ചെയ്തിട്ടില്ല .

## 4-2 <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 700000 | തേവലക്കുളം തറയിൽചാൽപടി റോഡ് നിർമ്മാണം | 0 | 700000 |
| ആലാ ഗ്രാമ പഞ്ചായത്ത് | 74359027 | 1720000 | ഐ.എ.വൈ | 35598053 | 59976974 |
| ബുധനൂർ ഗ്രാമ പഞ്ചായത്ത് | | 1950000 | ഐ.എ.വൈ | | |
| ചെറിയനാട് ഗ്രാമ പഞ്ചായത്ത് | | 860000 | ഐ.എ.വൈ | | |
| മുളക്കുഴ ഗ്രാമ പഞ്ചായത്ത് | | 935000 | ഐ.എ.വൈ | | |
| പാണ്ടനാട് ഗ്രാമ പഞ്ചായത്ത് | | 1265000 | ഐ.എ.വൈ | | |
| പുലിയൂർ ഗ്രാമ പഞ്ചായത്ത് | | 60000 | ഐ.എ.വൈ | | |

| | | | | |
|---|---|---|---|---|
| തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് | | 800000 | ഐ.എ.വൈ | |
| വെൺമണി ഗ്രാമ പഞ്ചായത്ത് | | 40000 | ഐ.എ.വൈ | |
| ബ്ലോക്ക് പഞ്ചായത്ത് | | 10450000 | ഐ.എ.വൈ | |
| ജില്ലാ പഞ്ചായത്ത് | | 3136000 | ഐ.എ.വൈ | |

ഐ.എ.വൈ പദ്ധതി വിഹിതമായി ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും നിക്കിയിരിപ്പിന്റെയും വിവരങ്ങൾ ക്യാഷ് ബുക്കിൽ പ്രത്യേകമായിഎഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ ആകെയുള്ള മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് എന്നീ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി. ഡബ്ലിയു. ഡി. ഇലക്ട്രിക്കൽ വിഭാഗം,ആലപ്പുഴ | ബ്ലോക്ക് ഓഫീസ് കെട്ടിട മെയിന്റനൻസും അനുബന്ധ പ്രവത്തികളും | 5660997/30.3.17 | 370000 | 0 | 370000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ 2012-13 സംസ്ഥാന വിഹിതം | 17774/ഡി ഡി 1/2013/ തസ്വഭവ | 6133132 | 4804272 | 919980 | 814423 | 3884292 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | രസീത് നമ്പർ/തീയതി. | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 2015-16 | 3-8 (i) | 3150 | 1338/16, 18.02.2017 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 17.1 | 2001-02 | 3-6 | സി.എഫ്.എൽ വാങ്ങിയതിലെ ക്രമക്കേട് | അന്തിമ നടപടി വിവരം ലഭിച്ചിട്ടില്ല |
| 2007-08 | 3-29.1 | 2005-06 | 3-7 | നെഹ്രു പാർക്ക് നവീകരണം | അന്തിമ നടപടി വിവരം ലഭിച്ചില്ല. |
| 2009-10 | 3-8-16 | 2007-08 | 3-1 | മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് ഐ.എ.വൈ ധന സഹായം നൽകി | അന്തിമ നടപടി വിവരം ലഭിച്ചിട്ടില്ല. |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72873859 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81391065 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 470000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5715675 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 470000 | ശ്രീ. എസ്. ഹർഷൻ, സെക്രട്ടറി |
| ആകെ | | 470000 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1600000 | ശ്രീ. എസ്. ഹർഷൻ, സെക്രട്ടറി |
| 3-2 | 1018900 | ശ്രീ. എസ്. ഹർഷൻ, സെക്രട്ടറി |
| 3-3 | 840000 | ശ്രീമതി. സജിനിമോൾ, പട്ടികജാതി വികസന ഓഫീസർ. |
| 3-4 | 42000 | ശ്രീ. എസ്. ഹർഷൻ, സെക്രട്ടറി |
| 3-5 | 51900 | ശ്രീമതി. സാറാ. റ്റി. ജോൺ<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 3-6 | 700000 | ശ്രീമതി. സജിനിമോൾ, പട്ടിക ജാതി വികസന ഓഫീസർ |
| 3-7(1) | 326500 | ഡോ. ചിത്രാ സാബു, മെഡിക്കൽ ഓഫീസർ |
| 3-7(2) | 333000 | ഡോ. ചിത്രാ സാബു, മെഡിക്കൽ ഓഫീസർ |
| 3-8 | 150000 | ശ്രീമതി. സാറാ. റ്റി. ജോൺ<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 3-9 | 609175 | ശ്രീമതി. സിസില. പി, സി.ഡി.പി.ഒ |
| 3-10 | 47200 | ശ്രീ. എസ്. ഹർഷൻ, സെക്രട്ടറി |
| ആകെ | 5718675 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-3

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ചിത്രാ സാബു<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, പാണ്ടനാട് | ചിറയ്ക്കൽ ഹൗസ്,<br>ചെറിയനാട്. പി. ഒ,<br>ചെറിയനാട് |
| ശ്രീമതി. സിസില. പി,<br>സി.ഡി.പി.ഒ | സി.ഡി.പി.ഒ,<br>ചെങ്ങന്നൂർ ബ്ലോക്ക് | ചരുവിള വീട് ,<br>സിതാര ജംഗ്ഷൻ,<br>കൊട്ടിയം. പി. ഒ,<br>കൊല്ലം |
| ശ്രീ.സാറാ റ്റി ജോൺ<br>അസിസ്റ്റന്റ് ഡയറക്ടർ<br>ഓഫ് അഗ്രിക്കൾച്ചർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ്<br>അഗ്രിക്കൾച്ചർ | തുരളയിൽ, കൊല്ലകടവ്,<br>ചെറിയനാട് |
| ശ്രീമതി. സജിനിമോൾ<br>പട്ടിക ജാതി വികസന ഓഫീസർ | എസ്.സി.ഡി.ഒ, കോട്ടയം | എസ് -27,<br>എൻ.ജി.ഒ ക്വാർട്ടേഴ്സ്,<br>മുട്ടമ്പലം. പി. ഒ,<br>കോട്ടയം |
| ശ്രീ. എസ്. ഹർഷൻ | സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത്, ചെങ്ങന്നൂർ | അട്ടക്കുഴി കരോട്ട്,<br>മങ്ങാരം, പന്തളം.പി. ഓ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ്<br>വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് എ3-/310/00/തീയതി - 5.10.2010 |
| 1996-97 | എൽ എഫ് എ5/87/01/തീയതി - 1.6.2001 |
| 1997-98 | എൽ.എഫ്.എ5/87/01/തീയതി 1.6.2001 |
| 1998-99 | എൽ.എഫ്.എ5/87/01/തീയതി 29.9.01 |
| 2000-01 | എൽ.എഫ്.എ7/1298(എ)/04/തീയതി 5.8.2005 |
| 2002-03 | എൽ.എഫ്.ജി.എ/ബിപി അദാലത്ത്/26/14(32), തീയതി- 31.3.2014 |
| 2003-04 | എൽ.എഫ്.ജി.എ/ബിപി അദാലത്ത്/26/14(33), തീയതി- 31.3.2014 |

| | |
|---|---|
| 2004-05 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(34), തീയതി- 31.3.2014 |
| 2005-06 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(35), തീയതി- 31.3.2014 |
| 2006-07 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(36), തീയതി- 31.3.2014 |
| 2007-08 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(37), തീയതി- 31.3.2014 |
| 2008-09 | എൽ.എഫ്.എ 1577/13/12.5.14 |
| 2009-10 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(38), തീയതി - 31.3.2014 |
| 2010-11, 2011-12 | എൽ.എഫ്.എ-7/275/2013/3.6.13/ 30.6.13 |
| 2012-13 | എൽ.എഫ്.എ-പി3/364/2015/ 30.5.2015 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-ബി.പി-1573/2015 |
| 2015-16 | കെ എസ് എ- എ.എൽ.പി-ബി.പി-209/17, തീയതി- 10.3.17/22.3.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

.
.
.
.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1453/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 07.12.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-BP-1453/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 07.12.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Chengannur Block Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Chengannur Block panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.
.
.
.
.

Senior Deputy Director

Kerala State Audit Department

Alappuzha